**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2170** **06/02/2019-ൽ മറുപടിക്ക്**

**പുതിയ ഹോമിയോ ഡിസ്പെൻസറികൾ**

**ചോദ്യം**

ശ്രീ.കെ.എൻ.എ ഖാദർ

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹോമിയോപ്പതി വകുപ്പിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ), (ബി) & (സി) | 2018-19 സംസ്ഥാന വാർഷിക പദ്ധതി പ്രകാരം 10 പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിക്കുകയും ടി ശിപാർശയിൽ ഉൾപ്പെട്ടിരിക്കുന്ന പഞ്ചായത്തുകളിൽ നിലവിലുള്ള മറ്റ് സർക്കാർ ചികിത്സാ കേന്ദ്രങ്ങളുടെ വിവരങ്ങൾ, ഇവയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്, ഇതിലേക്കായി ഉപകരണ സംഭരണത്തിനായി വേണ്ടിവരുന്ന ചെലവ്, ഹോമിയോ ആശുപത്രിയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നൽകാൻ സന്നദ്ധമാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട പഞ്ചായത്തിന്റെ സമ്മതപത്രത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുവാൻ ഹോമിയോപ്പതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | എവിടെയൊക്കെയാണ് ഇപ്രകാരം പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും ഫയൽ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കുമോ; ഇല്ലെങ്കിൽ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ; | | |
| (സി) | പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.